# SCTIMST @ PRINT

8 ജന്മഭൂമി
TVM

## ശ്രീചിത്രയിൽ രോഗി സൗഹൃദ വെബ്പോർട്ടൽ ആരംഭിച്ചു

**തിരുവനന്തപുരം:** ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ പുതിയ രോഗി സൗഹൃദ വെബ്പോർട്ടൽ നിലവിൽ വന്നു. രോഗികൾക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യൽ, തീയതി എടുക്കൽ, ഓൺലൈൻ പേയ്മെന്റുകൾ, സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകൾ നല്കൽ, ഡിസ്ചാർജ് സമ്മറി, പരിശോധന റിപ്പോർട്ടുകൾ, ഡോക്ടറുടെ കുറിപ്പടികൾ എന്നിവ ഡൗൺലോഡ് ചെയ്യാൻ സഹായിക്കുന്ന സ്വയം സേവന പ്ലാറ്റ്ഫോമാണിത്. ടെലിഫോണിക്, വീഡിയോ കൺസൾട്ടേഷനുകളും പോർട്ടൽ വഴി ബുക്ക് ചെയ്യാം. വെബ്സൈറ്റിൽ നേരിട്ടോ അക്ഷയ സെന്ററുകൾ വഴിയോ സേവനം ഉറപ്പാക്കാം. പോർട്ടലിന്റെ 'മൊബൈൽ ആപ്ലിക്കേഷൻ' ഗൂഗിൾപ്ലേ സ്റ്റോറിൽ ഒരു മാസത്തിനുള്ളിൽ ലഭ്യമാകുമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. രൂപാ ശ്രീധർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഡോ. കൃഷ്ണകുമാർ, ഡോ. മഞ്ചുനായർ, ഡോ. ബിജുസോമൻ, സുരേഷ്കുമാർ എന്നിവർ പങ്കെടുത്തു.

# SCTIMST @ PRINT

## വീട്ടിലിരുന്നും ശ്രീചിത്ര ആശുപത്രിയിലേക്ക് അപ്പോയിന്റ്മെന്റ് എടുക്കാം

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്കിനി രജിസ്ട്രേഷനായി മണിക്കൂറുകളോളം കാത്തുനിൽക്കണ്ട. വീട്ടിലിരുന്നും രജിസ്ട്രേഷൻ നടത്തുന്നതിനുള്ള രോഗി സൗഹൃദ വെബ് പോർട്ടലിന്റെ (https://patientportal.sctimst.ac.in) പ്രവർത്തനമാരംഭിച്ചു. ഡോക്ടറുടെ അപ്പോയിൻമെന്റ് എടുക്കാനും സർട്ടിഫിക്കറ്റുകൾ, ലാബ് റിപ്പോർട്ടുകൾ, കുറിപ്പടി എന്നിവയും പോർട്ടൽ മുഖേന ലഭ്യമാകും. അക്ഷയ സെന്ററിലൂടെയും പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി പണം അടയ്ക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നതിനുമുള്ള സൗകര്യവും പോർട്ടലിലുണ്ട്. ഒരുമാസത്തിനകം പേഷ്യന്റ് കെയർ എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാകുമെന്നും നിലവിൽ ഇംഗ്ലീഷിൽ ലഭിക്കുന്ന പോർട്ടലിലെ വിവരങ്ങൾ ഉടൻതന്നെ മലയാളം, തമിഴ്, ഹിന്ദി ഭാഷകളിൽ ലഭ്യമാകുമെന്നും അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ആർ.മഞ്ജു നായർ പറഞ്ഞു.